# ഇൻസൈറ്റ്

''ഉൾക്കാഴ്ചയിലൂടെ ജീവിത വിജയത്തിലേക്ക്'' എന്ന ആപ്തവാക്യം മുൻനിർത്തി പത്തനംതിട്ട ജില്ലാ മിഷൻ, ജില്ലാ ഭരണകൂടവുമായി സഹകരിച്ച് ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിൽ നിന്നുള്ള ബാലസഭ അംഗങ്ങളായ പ്ലസ് വൺ, പ്ലസ് ടു വിദ്യാർത്ഥിനികൾക്കായി തുടക്കം കുറിച്ച പ്രത്യേക പരിശീലന പരിപാടിയാണ് ഇൻസൈറ്റ്. കുട്ടികളിലെ വ്യക്തിത്വം വികസനം , ശേഷീ വികസനം, കരിയർ വികസനം എന്നിവയാണ് ഈ പരിശീലന പരിപാടിയിലൂടെ ലക്ഷ്യമിടുന്നത്. 2015 ജൂലൈ മാസത്തിൽ ഇൻസൈറ്റ് പരിശീലന പരിപാടിക്ക് പത്തനംതിട്ടയിൽ തുടക്കമായി.

## ആശയത്തിലേക്കെത്തിയ വഴി

വർഷങ്ങളായി കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്കൊപ്പം ബാലസഭകളും സംസ്ഥാനമൊട്ടാകെ എല്ലാ ജില്ലകളിലും പ്രവർത്തിക്കുന്നുണ്ട്. ബാലസഭകളിൽ അംഗങ്ങളായ കുട്ടികൾക്കായി നിരവധി പ്രവർത്തനങ്ങളും നടത്തി വരുന്നു. എന്നാൽ ഭാവിയിൽ അവർക്ക് കൂടുതലായി ഉപകരിക്കപ്പെടുന്ന പ്രവർത്തനങ്ങളും പരിശീലനങ്ങളും കൂടുതലായി വേണമെന്ന ചിന്തയിൽ നിന്നാണ് ഇൻസൈറ്റ് എന്ന പരിശീലന പരിപാടിയുടെ തുടക്കം. ഇപ്പോഴത്തെ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്. ഹരികിഷോർ പത്തനംതിട്ട ജില്ലാ കളക്ടറായിരുന്ന സമയത്ത് അദ്ദേഹവും പത്തനംതിട്ട ഡിഎംസി സാബിർ ഹുസൈനും സബ് കളക്ടർ ശ്രീറാം വെങ്കിട്ടരാമനും ഇതേക്കുറിച്ച് നടത്തിയ ചർച്ചയിൽ നിന്നാണ് വ്യത്യസ്തമായ ഇങ്ങനെയൊരു പരിശീലന പരിപാടിയെക്കുറിച്ചുള്ള ആശയം ഉരുത്തിരിഞ്ഞുവന്നത്. ബാലസഭയിൽ അംഗങ്ങളായ പെൺകുട്ടികൾക്ക് പ്രത്യേകിച്ച് അവരുടെ ജീവിതത്തിലും കരിയറിലും ഏറെ നിർണ്ണായക കാലമായ പ്ലസ് വൺ, പ്ലസ് ടു കാലത്തിലൂടെ കടന്ന് പോകുന്നവർക്കായി ഒരു വ്യക്തിത്വ വികസന പരിപാടി ആരംഭിക്കണമെന്ന് ഒടുവിൽ തീരുമാനമായി. പിന്നീട് പ്രോഗ്രാമിന്റെ പേര് തെരഞ്ഞെടുക്കാനുള്ള ചർച്ചകൾ. ഒടുവിൽ ഉൾക്കാഴ്ച എന്ന അർത്ഥം വരുന്ന ഇൻസൈറ്റ് എന്ന പേര് എസ്. ഹരികിഷോർ തന്നെ നിർദ്ദേശിക്കുകയായിരുന്നു. കുട്ടികൾക്ക് ഒരു ആന്തരിക കാഴ്ചയുണ്ടാക്കി നൽകുന്ന വൈവിധ്യമാർന്ന പ്രോഗ്രാം എന്നതായിരുന്നു ഇൻസൈറ്റ് എന്ന പേരിന് നൽകിയ വിശദീകരണം. എല്ലാ മാസത്തിലെയും രണ്ടാം ശനിയാഴ്ച പരിപാടി നടത്താമെന്ന് തീരുമാനവും കൈക്കൊണ്ടു. പ്രോഗ്രാമിന്റെ സ്ഥിരം വേദിയായി പത്തനംതിട്ട കളക്ട്രേറ്റിലെ മിനി കോൺഫറൻസ് ഹാളും തീരുമാനിച്ചു. ജില്ലയിൽ ബാലസഭ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്ന പ്രോഗ്രാം മാനേജർക്കാണ് അന്ന് മുതൽ പരിശീലന പരിപാടിയുടെ പ്രധാന ചുമതല.

## എന്താണ് ഇൻസൈറ്റ്

എപ്പോഴും ഒന്നാമതെത്താനുള്ള നെട്ടോട്ടത്തിലാണ് ഇന്നത്തെ തലമുറ. മാതാപിതാക്കളിൽ നിന്നും അധ്യാപകരിൽ നിന്നുമെല്ലാം അവർ അതിനായി നിരന്തരം നി ർ ബ ന്ധി ക്ക പ്പെടുന്നു. തങ്ങളുടെ അഭിരുചിക്ക് അനുസൃതമായ ലക്ഷ്യത്തിലേക്ക് ശ്രദ്ധയൂന്നാൻ പോലും പലപ്പോഴും അവർക്ക് മാതാപിതാക്കളുടെ നിർബന്ധ ബുദ്ധി മൂലം  കഴിയാതെ വരുന്നു. ഇങ്ങനെയുള്ള അവസ്ഥയിൽ കുട്ടികൾ അനുഭവിക്കുന്ന സമ്മർദ്ദം ഏറെ വലുതാണ്. കുട്ടികളുടെ മാനസിക ആരോഗ്യത്തെ വരെ ഇത് ബാധിക്കുന്നു. ഇതിനാൽ തന്നെ പല സ്കൂളുകളും സർക്കാർ സർക്കാരിതര സംഘടനകളും ഹൈസ്കൂൾ വിദ്യാഭ്യാസം മുതൽ വിദ്യാർത്ഥികൾക്ക് വ്യക്തിത്വ വികസനം, കരിയർ ഗൈഡൻസ് എന്നീ മേഖലകളിൽ വിദഗ്ധരെ ഉൾപ്പെടുത്തി വിവിധ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നത് പതിവാണ്. എന്നാൽ ഇത്തരം പരിശീലന പരിപാടികളിലൊക്കെയും സാധാരണ കുടുംബങ്ങളിൽ നിന്നുള്ള കുട്ടികളുടെ പങ്കാളിത്തം തീരെ കുറവാണ്. പ്രത്യേകിച്ച് പെൺകുട്ടികളുടെ. ലക്ഷ്യബോധം, സ്ഥിരോത്സാഹം, സന്തുഷ്ട മനസ്സ് എന്നിങ്ങനെ ജീവിത വിജയം നേടുന്നതിനും നല്ല വ്യക്തിത്വമുള്ളവരാക്കി മാറ്റിയെടുക്കുന്നതിനും കുട്ടികളെ പ്രാപ്തരാക്കുന്നതിന് വ്യക്തിത്വ വികസന പരിശീലന ക്ലാസ്സുകൾ അത്യാന്താപേക്ഷിതവുമാണ്. തുടർ വിദ്യാഭ്യാസം ചെയ്യാൻ ആഗ്രഹിക്കുന്ന കുട്ടികൾ വളരെയധികം മാനസിക പിരിമുറുക്കങ്ങൾ അനുഭവിക്കുന്നുണ്ട്. തെരഞ്ഞെടുക്കപ്പെടുന്ന മേഖല ഏതാണെന്ന് ഓരോ കുട്ടിയും സ്വയം തിരിച്ചറിയേണ്ടതുമുണ്ട്. അതിനായി അവരെ സഹായിക്കുകയാണ് ഇൻസൈറ്റ് ചെയ്യുന്നത്.

## പ്രാരംഭ പ്രവർത്തനങ്ങൾ

ഇങ്ങനെയൊരു പരിപാടി ആരംഭിക്കാമെന്ന തീരുമാനമെടുത്ത ശേഷം സിഡിഎസ് തലത്തിൽ അറിയിപ്പ് നൽകി. ജില്ലകളിലെ ബാലസഭകളിൽ നിന്നുള്ള കുട്ടികളെ പരിശീലനത്തിനായി തെരഞ്ഞെടുത്തു. പിന്നീട് ഈ വിദ്യാർത്ഥിനികൾക്ക് പരിശീലന പരിപാടിക്ക് മുന്നോടിയായി മൂന്ന് ദിവസത്തെ റെസിഡൻഷ്യൽ ക്യാമ്പ് നൽകി. 200 ഓളം കുട്ടികളെ 50 വീതം കുട്ടികൾ ഉൾപ്പെടുന്ന നാല് സംഘങ്ങളായി തിരിച്ച് മേയ് മാസത്തിലായിരുന്നു ക്യാമ്പ്. മലയാലപ്പുഴ ഗ്രാമ പഞ്ചായത്തിലെ മൗണ്ട് ഇൻ കഫെ കുടുംബശ്രീ ഡിറ്റിപിസി അമിനിറ്റി സെന്ററിൽ വച്ചായിരുന്നു ക്യാമ്പ്. അന്ന് റവന്യൂവകുപ്പ് മന്ത്രിയായ അടൂർ പ്രകാശ് ക്യാമ്പിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. ഹിന്ദുസ്ഥാൻ ലാറ്റക്സ് ലിമിറ്റഡിന്റെ ഹ്യൂമൻ റിസോഴ്സ് വിഭാഗമാണ് കുട്ടികൾക്ക് പരിശീലനം നൽകിയത്.

## ആരംഭം

റസിഡൻഷ്യൽ ക്യാമ്പ് വിജയകരമായതിനെത്തുടർന്ന് 2015 ജൂൺ മാസത്തിലെ രണ്ടാം ശനിയാഴ്ച ദിനമായ 13ാം തിയതി ഇൻസൈറ്റ് പദ്ധതിക്ക് തുടക്കമായി. ആറന്മുള എംഎൽഎ ആയിരുന്ന അഡ്വ. കെ. ശിവദാസൻ നായർ പരിപാടിയുടെ ഔദ്യോഗിക ഉദ്ഘാടനം നിർവ്വഹിച്ചു. 2012ലെ സിവിൽ സർവീസ് പരീക്ഷയിൽ ഒന്നാം റാങ്ക് നേടി കേരളത്തിന്റെ അഭിമാനമായി തീർന്ന ഹരിത വി കുമാറായിരുന്നു ഇൻസൈറ്റ് പരിപാടിയുടെ ആദ്യ ദിനത്തിലെ വിശിഷ്ടാതിഥി. കരിയറിലും ജീവിതത്തിലും എങ്ങനെ ലക്ഷ്യബോധത്തോടെ മുന്നോട്ട് പോയി വിജയം കൈവരിക്കാമെന്ന വിഷയത്തിൽ ദീർഘനേരം ഹരിത കുട്ടികളുമായി സംവദിച്ചു. ജൂലൈ മാസത്തിലെ ഇൻസൈറ്റ് പ്രോഗ്രാമിന്റെ ഉദ്ഘാടനം കളക്ടർ എസ്. ഹരികിഷോർ നിർവ്വഹിച്ചു. പ്രമുഖ എഴുത്തുകാരൻ ബെന്യാമിൻ അതിഥിയായെത്തി. പിന്നീട് 2018 ജനുവരി 13ാം തിയതി വരെ നടന്ന ക്ലാസ്സുകളിലായി പ്രമുഖ സിനിമ സംവിധായകൻ ബ്ലെസി, ബിനു കണ്ണന്താനം, സതീഷ് ബിനോയ് ഐപിഎസ്, ഡോ. വെങ്കിട്ടരാമൻ, ടി. നാരായണൻ ഐപിഎസ് തുടങ്ങിയവരെല്ലാം കുട്ടികളുമായുള്ള സംവാദത്തിൽ പങ്കെടുക്കുകയും വിവിധ വിഷയങ്ങളിൽ അവരുടെ സംശയങ്ങൾക്ക് ഉത്തരം നൽകുകയും ചെയ്തു. രാവിലെ 10 മുതൽ ഉച്ചയ്ക്ക് 1.30 വരെയാണ് ക്ലാസ്സ്. ഉച്ച ഭക്ഷണവും നൽകി വരുന്നു.

## വെറും ക്ലാസ്സുകളല്ല, സമൂലമായ മാറ്റം

ക്ലാസ്സുകൾ മാത്രമല്ല കുട്ടികളിലെ സമൂലമായ മാറ്റം ഉറപ്പുവരുത്താൻ നിരവധി ആക്ടിവിറ്റികളും ഇൻസൈറ്റിന്റെ ഭാഗമായി നടപ്പാക്കുന്നു. വായനശീലം അന്യം നിന്ന് പോകുന്ന കാലത്ത് കുട്ടികളെ വീണ്ടും പുസ്തകങ്ങളുടെ ലോകത്തിലേക്ക് എത്തിക്കുന്നതിനായി തീർത്തും നൂതനമായ ഒരാശയമാണ് നടപ്പാക്കിയത്. പുസ്തകങ്ങൾ വാങ്ങി അത് കുട്ടികൾക്കിടയിൽ വിതരണം ചെയ്തു. ഓരോ മാസത്തിലും വായിച്ച പുസ്തകങ്ങളുടെ നിരൂപണം നൽകാൻ കുട്ടികളോട് നിർദ്ദേശിച്ചു. മികച്ച നിരൂപണത്തിന് സമ്മാനവും ഏർപ്പെടുത്തി. സമ്മാനത്തിലും വ്യത്യസ്ത കൊണ്ടുവരാൻ ജില്ലാ മിഷൻ പ്രത്യേകം ശ്രദ്ധിച്ചു. തൈ ഉൾപ്പെടെ ഗ്രോ ബാഗാണ് സമ്മാനം. ഗ്രോ ബാഗ് സമ്മാനം കിട്ടുന്ന കുട്ടികൾ ആ തൈ പരിപാലിച്ച് വളർത്തി രണ്ട് മാസത്തിന് ശേഷം അതിന്റെയൊരു ചിത്രം മൊബൈലിലോ മറ്റോയെടുത്ത് പിന്നീട് വരുമ്പോൾ കൊണ്ടുവന്ന് കാണിക്കണമെന്ന നിബന്ധനയും നൽകി. മികച്ച രീതിയിൽ തൈ പരിപാലിക്കുന്നവർക്കും പ്രത്യേക പാരിതോഷികം നൽകി വരുന്നു. അങ്ങനെ കുട്ടികളെ വീണ്ടും പുസ്തകങ്ങളുടെ ലോകത്തേക്കും പ്രകൃതിയിലേക്കും തിരികെ കൊണ്ടുപോകുന്നതിൽ ഈ ആശയത്തിലൂടെ സംഘാടകർ വിജയം കൈവരിച്ചു. ഓരോ വിദ്യാർത്ഥിനികളും തങ്ങളുൾപ്പെടുന്ന സമൂഹത്തെ കൂടുതൽ അടുത്തറിയണമെന്ന ചിന്തയിൽ നിന്ന് മറ്റ് നൂതന പ്രവർത്തികളും പരിശീലനത്തിന്റെ ഭാഗമായി ഏർപ്പെടുത്തി. അഗതികളും

ആലംബഹീനരുമായവർക്ക് വേണ്ടിയുള്ള ആശ്രയ പദ്ധതിയുടെ ഗുണഭോക്താക്കൾ തങ്ങളുടെ പ്രദേശത്തുണ്ടെങ്കിൽ അവർക്ക് ആ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നുണ്ടോയെന്ന് അന്വേഷിച്ചറിയുകയെന്ന ചുമതലയാണ് കുട്ടികൾക്ക് നൽകിയത്. ഇത് കൂടാതെ അയൽവക്കത്തുള്ള ഭിന്ന ശേഷിയുള്ള കുട്ടികളെ ചേർത്ത് അയൽക്കൂട്ടമുണ്ടാക്കാനും കുട്ടികളോട് നിർദ്ദേശിച്ചു. കൂടാതെ ഇൻസൈറ്റ് വിദ്യാർത്ഥികളെയും സംസ്ഥാനത്തിന്റെ മറ്റ് പ്രദേശങ്ങളിൽ നിന്നുള്ള തെരഞ്ഞെടുക്കപ്പെട്ട ബാലസഭ അംഗങ്ങളായ കുട്ടികളെയും ചേർത്ത് നിലയ്ക്കൽ വന മേഖലയിലേക്ക് സന്ദർശനം നടത്തി. കുട്ടികളെ കാട് എന്ത് എന്ന് അറിയിക്കുക അവിടുത്തെ ആവാസ വ്യവസ്ഥ മനസ്സിലാക്കിച്ചു നൽകുക ഇതൊക്കെയായിരുന്നു ഈ സന്ദർശനത്തിന്റെ ലക്ഷ്യം.

<u>**പാവപ്പെട്ട പരിശീലനാർത്ഥികൾക്ക് ടിഎ- മാറ്റങ്ങളും കൂട്ടിച്ചേർക്കലുകളും**</u>

ഓരോ ക്ലാസ്സും കഴിയും തോറും കുട്ടികളിലുണ്ടാകുന്ന മാറ്റങ്ങൾ നേരിട്ടറിഞ്ഞതോടെ പരിശീലന പരിപാടി കൂടുതൽ മികച്ച രീതിയിൽ മുന്നോട്ട് കൊണ്ടുപോകാൻ പത്തനംതിട്ട ജില്ലാ മിഷന് കൂടുതൽ ആത്മവിശ്വാസവും കൈവന്നു. ഇതിനിടയിൽ ചില വിദ്യാർത്ഥിനികൾ ക്ലാസ്സുകളിൽ നിന്ന് പലപ്പോഴും വിട്ടു നിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടത് മറ്റൊരു വഴിത്തിരിവിലേക്കും ജില്ലാ മിഷനെ നയിച്ചു. ക്ലാസ്സുകൾ നടക്കുന്ന പത്തനംതിട്ട കളക്ടറേറ്റ് വരെ വരാനുള്ള വണ്ടിക്കൂലി പോലുമില്ലാത്തത്ര ദരിദ്രമായ ചുറ്റുപാടുകളിൽ നിന്നുള്ള വിദ്യാർത്ഥികളാണ് ഇവരെന്നും ആഗ്രഹമുണ്ടെങ്കിലും പലപ്പോഴും ക്ലാസ്സുകളിൽ പങ്കെടു ക്കാൻ സാമ്പത്തിക സ്ഥിതി ഇവരെ അനുവദിക്കാതെ വരികയാണെന്നും മനസ്സിലായി. തീർത്തും ദരിദ്രരായ ഈ കുട്ടികൾക്ക് ക്ലാസ്സിന് വന്ന് പോകുന്നതിനുള്ള ചെലവിലേക്ക് നിശ്ചിത തുക നൽകാനും പത്തനംതിട്ട ജില്ലാ മിഷൻ തീരുമാനം കൈക്കൊണ്ടു. കൂടാതെ കുട്ടികളുടെ ആവശ്യങ്ങൾ എന്താണെന്ന് അവരോട് ചോദിച്ച് മനസ്സിലാക്കി അതനുസരിച്ച് ക്ലാസ്സുകൾ നൽകുന്ന രീതിയും പിന്നീട് പിന്തുടർന്നു തുടങ്ങി. സൈബർ ടെക്നോളജി ഏറെ വികാസം പ്രാപിച്ച ഈ കാലഘട്ടത്തിൽ മൊബൈൽ ഫോണും കമ്പ്യൂട്ടറും ഇന്റർനെറ്റുമെല്ലാം എങ്ങനെ ശരിയായി വിനിയോഗിക്കണമെന്നതിലും സൈബർ ലോകത്തെ കുറിച്ചുള്ള ക്ലാസും സമ്മർദ്ദങ്ങളെ അതിജീവിക്കാനും അത് ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിനുമായി സ്ട്രെസ് മാനേജ്മെന്റ് ക്ലാസ്സുമെല്ലാം ഇൻസൈറ്റിന്റെ ഭാഗമായി നൽകി.

<u>**ആൺകുട്ടികൾക്കും അവസരം, പ്ലസ് വൺ വിദ്യാർത്ഥികൾക്ക് മാത്രം**</u>

സമൂഹത്തിൽ ആൺ- പെൺ വ്യത്യാസം ഏറെ നിലനിൽക്കുന്നുവെന്നും അതിൽ മാറ്റം വരുത്തണമെങ്കിൽ ആ വ്യത്യാസം കുട്ടികളിൽ ചെറുപ്പത്തിലേ ഇല്ലാതാക്കണമെന്ന ലക്ഷ്യം മുൻനിർത്തി 2017 ബാച്ച് മുതൽ ഇൻസൈറ്റ് പരിപാടിയിൽ ആൺകുട്ടികൾക്കും പ്രവേശനം നൽകി തുടങ്ങി. ഇത് കൂടാതെ ഈ വർഷം മുതൽ പ്ലസ് വൺ വിദ്യാർത്ഥികൾക്ക്

മാത്രമായിരിക്കും പരിശീലനം. പ്ലസ് ടുവിൽ പഠിക്കുന്ന കുട്ടികൾക്ക് പലപ്പോഴും പഠന തിരക്കുണ്ടാകുന്നതിനാൽ അവർക്ക് ക്ലാസ്സിൽ പങ്കെടുക്കാൻ കഴിയാതെ വരുന്നുവെന്ന് മനസ്സിലാക്കിയതിനാലാണ് പരിശീലനം പ്ലസ് വൺ വിദ്യാർത്ഥികൾക്ക് മാത്രമായി ചുരുക്കിയത്.